# 'പാലത്തുമ്മലെ പാലത്തുമ്മലെ പോയി  വന്നു'

'പാലത്തുമ്മലെ വന്നു പാലത്തുമ്മലെ പോയി'  വീട്ടിലെത്തി. എന്തോ  ഒരു പന്തികേട് തോന്നി എന്തായിരിക്കും? ……എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല...നടന്നാണ് പോയത്...20 മിനിട്ട് നടന്നാൽ വെള്ളാപ്പിലെത്തും.....അവിടെ നിന്ന് 15 മിനിട്ട് തൃക്കരിപ്പൂർ റയിൽവെ സ്റ്റേഷൻ......നടക്കാൻ എവിടാ സമയം..........നടക്കാനും അനങ്ങാനും മടിച്ചിട്ട് കടത്ത് തോണി നിലനിർത്തണമെന്ന്  ഒരു കൂട്ടർ പറയുന്നുണ്ട്.....7.45 ന് ഇടയിലക്കാട് നിന്ന് KSRTC ബസുണ്ട്.അതിന് പോയാൽ          8 മണിക്ക് മുമ്പ് സ്റ്റേഷൻ പിടിക്കാം ..മലബാറിനാണെങ്കിൽ 7 മണിക്കെങ്കിലും ഇറങ്ങണം...വഴിക്ക് വച്ച് വല്ല ഓട്ടോയും  കിട്ടിയാലായി...വെള്ളാപ്പ് വരെ ചിലപ്പോൾ നടക്കേണ്ടി വരും...ഒരിക്കൽ എനിക്ക് ഒരു ബൈക്ക് കിട്ടിയതുകൊണ്ട്...7.10 ന് സ്റ്റേഷനിലെത്തി മുക്കാൽ മണിക്കൂറോളം ഇരിക്കേണ്ടിവന്നു.....കടവ് നിർത്തിയാൽ.......കടപ്പുറക്കാർ ഒരുമിച്ച് കാണുന്നത് കടത്തിലാണ്......എത്ര കടവുകാർ...............................ഒസ്സാൻ മുതൽ..........കുട്ടോംകുറിയും...........കടവുകാരൻ രാജൻ -കടവ് സമയത്തിൽ കൃത്യനിഷ്ഠ പുലർത്തിയ ഏറ്റവും നല്ല കടവുകാരൻ..................നേരത്തേ നമ്മെ വിട്ട്  പോയയാൾ.........................കടത്ത് തോണിയിൽ ഒരു കൂട്ടായ്മയുണ്ട് വിശേഷങ്ങൾ പങ്ക് വെക്കലുണ്ട്  എല്ലാം കൂടി ഒരു 'എന്തോ ഒന്ന്' ഉണ്ട് അത് നഷ്ടപ്പെടലാണോ പന്തികേടിന് കാരണം? പാലം ഉൽഘാടനം കഴിഞ്ഞാൽ..... വാഹന സൗകര്യമായി.............  ബസ് സർവീസായി...പലതും വരും 'പലതും ' പോകും.

കടപ്പുറം വഴിയും ബസ്സ് സർവീസ്?.........................................

റോഡരികിൽ കോൺക്രീറ്റ് വനങ്ങൾ ഉയരുമോ?....................

ചിന്തകൾ കാടുകയറുന്നു...........നിർത്തട്ടെ..............................